മരത്തിൽനിന്നു്

മണ്ണിലേക്കു്

മനുഷ്യൻ ഈശ്വരന്റെ ഇഷ്ടസന്താനമാണെന്നും ആ നിലയിൽ പ്രകൃതിയിൽ അവന് പ്രത്യേകമായ സ്ഥാനമുണ്ടെന്നും വിശ്വസിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. പ്രകൃതിയും അതിലെ ജീവജാലങ്ങളടക്കമുള്ള സർവ്വസമ്പത്തും മനുഷ്യന്റെ ആവശ്യത്തിന് സൃഷ്ടിച്ചതാണെന്നും ചിലർ പറഞ്ഞുപരത്തി. 'ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം. അതിനെ ചുററിപ്പററിയാണ് അണ്ഡകടാഹത്തിലെ അന്യഗോളങ്ങൾക്ക് സ്ഥാനം അനുവദിച്ചിട്ടുള്ളത്.' ഒരുകാലത്ത് ഇതായിരുന്നു മുഖ്യമായ വിശ്വാസ പ്രമാണം. ക്രമേണ ഈ അഭിപ്രായം എല്ലാവരും പരിത്യജിക്കുന്നതിന് നിർബന്ധിതരായി. അണ്ഡകടാഹത്തിലെ അതിനിസ്സാരമായ ഒരു താരസമൂഹത്തിൽ അഗണ്യ സ്ഥാനത്ത് സ്ഥിതിചെയ്യുന്ന ഒരു അപ്രധാനമായ നക്ഷത്രത്തിന്റെ, ഏതുകൊണ്ടും പ്രാമാണ്യമില്ലാത്ത ഒരു ഗ്രഹമാണ് ഭൂഗോളമെന്ന് അറിയാത്തവർ അടിസ്ഥാനമില്ലാത്ത ആശയങ്ങളുടെവലയിൽ കുരുങ്ങിക്കിടക്കുന്നവരാണ്. ഇതുപോലെയാണ് ജീവപ്രപഞ്ചത്തിലെ മനുഷ്യന്റെ പ്രമാണിപട്ടത്തിന്റെ സ്ഥിതിയും. ഈ അഭിപ്രായം ഇന്നു വച്ചുപുലത്തുന്നവരുണ്ടെങ്കിൽ അവർ ആർജ്ജിതവിജ്ഞാനത്തിന്റെ അടിസ്ഥാനവിവരങ്ങൾ അറിയാതെ കഴിഞ്ഞുകൂട്ടുന്നവരാണ്. ജീവജാലങ്ങളിൽ മനുഷ്യന് അവന്റേതുമാത്രമായി നിയമങ്ങളുണ്ടെന്നും അവൻ പ്രകൃതിയുടെ ഇഷ്ടസന്താനമാണെന്നും മററുമുള്ള അഭിപ്രായങ്ങളും അന്യം നിന്നുകഴിഞ്ഞു. മററു ജീവികൾക്ക് ബാധകങ്ങളായ എല്ലാ മൗലിക ജീവശാസ്ത്രനിയമങ്ങളും മനുഷ്യനും ബാധകമാണ്.

ജീവന്റെ കോടാനുകോടി രൂപഭാവങ്ങളിൽ ഒന്നുമാത്രമാണ് മനുഷ്യൻ. അവൻ ജന്തുലോകത്തിലെ ഒരംഗംതന്നെ. സസ്യജാലങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ അന്യജീവികൾ ആശ്രയിക്കുന്നതുപോലെ, അവനും ആശ്രയിക്കുന്നുണ്ട്. ധർമ്മശരീര പ്രക്രിയകളെല്ലാം പ്രാണവായുവുംജൈവപോഷകവസ്തുക്കളും കൊണ്ടാണ് നിവത്തിക്കുന്നത്. ശാസ്ത്രീയവും സാങ്കേതികവുമായി ബഹുമുഖ പുരോഗതികൾ അതിവിപുലമായി ആധുനികകാലത്ത് ആർജ്ജിച്ചിട്ടുണ്ടെങ്കിലും, ഈ അടിസ്ഥാനബന്ധങ്ങൾക്ക് മാററമൊന്നും സംഭവിച്ചിട്ടില്ല. ഈ കെട്ടുപാടുകൾ പൊട്ടിക്കുവാൻ സാധിക്കുകയുമില്ല. പരിതസ്ഥിതി പരിത്യജിച്ചുകൊണ്ടുള്ള ഒരു ജീവിത പദ്ധതി സജ്ജീകരിക്കുന്നതിന് മനുഷ്യന് സാധിച്ചിട്ടില്ലെന്നു ചുരുക്കം.

സസ്തനിവർഗ്ഗത്തിൽപ്പെട്ട ഒരു ജന്തുവാണ് മനുഷ്യൻ, അവന് നേടുവാൻ അവസരംവന്ന പരിണാമ സവിശേഷതകളെല്ലാം ഈ പശ്ചാത്തലത്തെ അടിസ്ഥാനമാക്കി ഉണ്ടായിട്ടുള്ളതാണ്. മരങ്ങളിൽ ജീവിക്കുവാൻ ഉണ്ടായിരുന്ന അനുകൂലങ്ങളായ ശരീരഘടനകളും സൗകര്യങ്ങളും ക്രമേണ പരിത്യജിച്ച്, തറയിൽ പാർക്കുന്നതിനുള്ള സംവിധാനങ്ങളിൽ എത്തിച്ചേർന്നു. നിശ്ചിതമായ ശരീരതാപം നിലനിർത്തുന്നതിനുവേണ്ട രക്ഷാസൗകര്യങ്ങൾ, രോമവും കൊഴുപ്പും ചർമ്മത്തിന്റെ ഇതര സജ്ജീകരണങ്ങളുമുണ്ടാക്കി. എന്നാൽ ഇവയെ മാത്രം ആശ്രയിക്കാതെ കൃത്രിമാവരണങ്ങളണിഞ്ഞ് ശരീരോഷ്ണത്തിന് വൈഷമ്യം വരാതിരിക്കാൻ വഴികളുണ്ടാക്കി. ഇതോടെ ഭൂമിയിൽ ഏതു മേഖലയിലും മനുഷ്യന് പാർക്കാനുള്ള കഴിവുകിട്ടി.

മനുഷ്യന്റെ ദന്തസംവിധാനം പ്രസക്തിയുള്ള വസ്തുതയാണ്. മാംസഭുക്കുകളായ ജീവികളുടെ ദന്തസംവിധാനം ആ ആഹാരശീലത്തെ ആദരിച്ചുകൊണ്ടുള്ളതുതന്നെ. അതുപോലെയാണ് സസ്യഭുക്കുകളുടെ സ്ഥിതിയും. അപൂർവ്വമായിമാത്രമേ രണ്ടു രീതിയിലുമുള്ള ആഹാരശീലത്തേയും പ്രയോജനപ്പെടുത്തുന്ന വിധത്തിലുള്ള ദന്തസംവിധാനമുള്ളൂ. അത്തരം ജന്തുക്കൾക്ക് ആഹാരസ്വീകരണത്തിനുള്ള പരാധീനതകൾ കുറയും നിലനില്പിനുള്ള സാദ്ധ്യത വിപുലപ്പെടും. ആഹാരം സമ്പാദിക്കുന്ന മട്ടിൽത്തന്നെ വിഴുങ്ങുന്നത്, അത് അങ്ങേയററം ഉപയോഗപ്പെടുത്തുന്നതിന്റെ ലക്ഷണമല്ല. വേണ്ടപോലെ ചവച്ചുടച്ച് പാകപ്പെടുത്തി കഴിക്കുമ്പോൾ ആഹാരത്തിൽനിന്നു സിദ്ധിക്കുന്ന പോഷകാംശങ്ങളുടെ തോത് വർദ്ധിപ്പിക്കുന്നതിന് സാധിക്കും. സസ്യാഹാരവും മാംസാഹാരവും സ്വീകരിച്ച് അങ്ങേയററം പ്രയോജനപ്പെടുത്തുവാനുള്ള സൗകര്യം മനുഷ്യൻ നേടിയിട്ടുണ്ട്.

പ്രകൃതിയിലെ കോടാനുകോടി ജീവജാലങ്ങളും പുതിയ തലമുറയോടുള്ള തങ്ങളുടെ ബാധ്യത, മുട്ടയിടുന്നതുകൊണ്ടോ സന്തതികളെ പുറത്തുവിടുന്നതുകൊണ്ടോ അവസാനിപ്പിക്കുന്നു. സ്വസന്തതികളെ കണ്ടാൽപോലും മാതാപിതാക്കന്മാർ തിരിച്ചറിയുകയില്ല. പ്രത്യുല്പാദനകാലത്ത് കണക്കില്ലാതെ സന്താനങ്ങളെ പുറത്തുകൊണ്ടുവരും. അതിന് ശേഷം പ്രകൃതിശക്തികൾക്ക് വിധേയരായി സന്തതികൾ തങ്ങളുടെ ജീവിതം സജ്ജീകരിച്ചുകൊള്ളണം. കണക്കില്ലാതെയുള്ള സന്തതികളിൽ കുറെയെങ്കിലും രക്ഷപ്രാപിച്ച് നിലനിന്നുകൊള്ളും. ഇതാണ് പദ്ധതി. ധാരാളിത്തവും അതോടൊപ്പമുള്ള അവർണ്ണനീയമായ നാശനഷ്ടവും താഴെക്കിടയിലുള്ള എല്ലാ ജീവികളിലും പ്രത്യക്ഷമായികാണാം, സസ്തനികളിൽ ഈ ധാരാളിത്തം അല്ല. മറിച്ച് നേരിട്ടുള്ള ശിശുപരിപാലനമാണ് വർഗ്ഗത്തിന്റെ നിലനില്പിനുള്ള ഉറപ്പ്, ഇതിന്റെ പരമകാഷ്ഠ മനുഷ്യന്റെ കാര്യത്തിൽ ദർശിക്കുകയുംചെയ്യാം. കുഞ്ഞിനുള്ള ആഹാരം പ്രത്യേകിച്ച് ആദ്യദശയിൽ—സ്വശരീരത്തിൽ തന്നെ മാതാവ് തയ്യാറാക്കുന്നതിനാൽ, സസ്തനികളിൽ അന്യാശ്രയത്വം അങ്ങേ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

യററം ഒഴിവാക്കിയിട്ടുണ്ട്.

മനുഷ്യന് ഏററവുമധികം മഹത്വം നൽകുന്നത് അവൻെറ മസ്തിഷ്കമാണല്ലോ. വൃക്ഷവാസിയായ ജീവിയുടെ പാരമ്പര്യമുദ്രകൾ തലച്ചോറിൻെറ പരിണാമത്തിലും അവശേഷിച്ചിട്ടുണ്ട്. ഗന്ധത്തെയും സ്പർശത്തെയും അപേക്ഷിച്ച് വൃക്ഷവാസിയായ ജീവിക്ക് കൂടുതൽ ഉതകുന്നത് കാഴ്ചയും കേൾവിയും ആണ്. കണ്ണും കരങ്ങളും കാര്യക്ഷമമായി സമന്വയിപ്പിച്ച് പ്രവർത്തിക്കാനും നിർബ്ബന്ധിതമാണ്. മരത്തിലെ ജീവിതത്തിൽ കൈകാലുകൾകൊണ്ട് മുറുകെപ്പിടിക്കേണ്ട ആവശ്യമാണ് അധികം ഉണ്ടാകാറുള്ളത്. എന്നാൽ ക്രമേണ മനുഷ്യമുൻഗാമികൾ തറയിലേക്ക് ജീവിതം മാറേറിയപ്പോൾ കാലുകൊണ്ട് പിടിക്കേണ്ട ആവശ്യം കുറഞ്ഞു. ഒടുവിൽ അത് തീരെ ഉപേക്ഷിക്കുകയുമുണ്ടായി. കണ്ണും കരങ്ങളും കൂടുതൽ ഊർജ്ജസ്വലങ്ങളുമായി. ഇതിനൊക്കെ തലച്ചോറിൽ മാററങ്ങൾ ആവശ്യമായിവന്നിട്ടുണ്ടെന്നതും മറന്നുകൂടാ. പുതിയ സാഹചര്യം വരുത്തിയ ആവശ്യങ്ങൾ നിറവേററുന്നതിന് ഉപകരണങ്ങളുടെ ഉപയോഗം ഒഴിച്ചുകൂടാതായി. ആവശ്യത്തിനനുസരണങ്ങളായ ആയുധങ്ങൾ പ്രയോഗിക്കുന്നതിനുള്ള കഴിവും താല്പര്യവുമാണ് മനുഷ്യനെ സാങ്കേതിക പുരോഗതിയുടെ പാതയിൽ പ്രവേശിപ്പിച്ചതും, ഭൂതലത്തിലെ ഏററവും പ്രമാണിയായ ജന്തുവാക്കി വളർത്തിയതും!

ആകൃതിയിലും ജനിതസവിശേഷതകളിലും മനുഷ്യനോട് ഏററവും അടുത്തുനില്ക്കുന്നത് ചിമ്പൻസിയാണ്. ഇത് പ്രത്യക്ഷമാകുന്നത് ഗർഭസ്ഥശിശുവിൻെറ കാലത്താണ്. ജനനസമയത്ത് ചിമ്പൻസിക്കുഞ്ഞിൻെറ തലച്ചോറ് ആകെയുള്ളതിൽ എഴുപതുശതമാനവും രൂപംകൊണ്ടിരിക്കും. ബാക്കിയുള്ള മുപ്പതുശതമാനം പിറന്ന് ആറുമാസത്തിനുള്ളിൽ പൂർത്തിയാകും. മനുഷ്യശിശുവിൻെറ പിറവിസമയത്ത്, അതിൻെറ തലച്ചോറിൽ ഇരുപതുശതമാനത്തോളമേ രൂപം പ്രാപിക്കൂ; ബാക്കി പൂർത്തിയാകുന്നത് ഏതാണ്ട് ഇരുപതുകൊല്ലം കൊണ്ടാണ്! ബുദ്ധിപരമായ പ്രവർത്തനങ്ങൾക്ക് ആധാരമായിട്ടുള്ള മസ്തിഷ്കഭാഗങ്ങളാണ് ക്രമേണ വളരുന്നതും.

സാമൂഹ്യപരിണാമത്തിലും ചില വാനരവർഗ്ഗങ്ങളുമായി പ്രാചീന മനുഷ്യന് സാദൃശ്യം പറയാം. എത്യോപ്യൻ പ്രദേശത്തുള്ള ഗെലാഡാ ബാബൂണിൻെറ (**Gelada baboon**) സാമൂഹ്യസംവിധാനം ഇവിടെ സ്മരണീയമാണ്. പ്രബലനും പ്രതാപിയുമായ പുരുഷനും, അവൻെറ ആധിപത്യത്തിന് വിധേയമായി കഴിയുന്ന ഒന്നിലേറെ പെൺജാതികളും സന്താനങ്ങളും അടങ്ങുന്ന ഒരു കൊച്ചുസമൂഹമാണ് ഈ വാനരത്തിൻേറത്. പ്രായപൂർത്തിപ്രാപിക്കുന്ന ആൺസന്തതികൾക്ക് രണ്ടുമാർഗ്ഗങ്ങളിൽ ഒന്ന് സ്വീകരിക്കാതെ തരമില്ല. ഒന്നുകിൽ മൂത്തകുരങ്ങിൻെറ സ്വാധീനം അംഗീകരിച്ച് ഒതുങ്ങിക്കഴിയുക. അല്ലെങ്കിൽ ആ സമൂഹംവിട്ട് സ്വന്തം കുടുംബം തുടങ്ങുക. എങ്ങിനെയായാലും സമൂഹത്തിലെ മുഖ്യൻ ആണുതന്നെ.

ഏതാണ്ട് ഇതുതന്നെയായിരിക്കും മനുഷ്യസമൂഹത്തിൻെറ പരിണാമത്തിലെ ആദ്യഘട്ടവും. ലോകത്തിൻെറ ഏറെ ഭാഗങ്ങളിൽ ഉറച്ച പുരുഷാധിപത്യം ഇതിൻെറ മുദ്രയല്ലേ വഹിക്കുന്നത്? ബുദ്ധിയും വിവേകവും സ്വന്തം കുലതാല്പര്യങ്ങളും മനുഷ്യന് സ്വതസിദ്ധമായി ലഭ്യമായ വാനരവാസനകളെ നിരുൽസാഹപ്പെടുത്തി കൂടുതൽ മാനുഷികമായ സമൂഹത്തെ കരുപ്പിടിപ്പിക്കുവാനുള്ള കാര്യങ്ങൾ കാണിച്ചുകൊടുത്തു. മൃഗീയ പ്രവണതകളെ ബോധപൂർവ്വം കുറയ്ക്കുന്നതിനും, ബലഹീനരേയും സമൂഹത്തിലെ പങ്കാളികളായി അംഗീകരിക്കുന്നതിനും വഴിയുണ്ടായി. നേരിടേണ്ടിവരുന്ന സംഭവങ്ങൾ ഉണർത്തുന്ന പ്രതികരണങ്ങളനുസരിച്ച് തത്സമയം പ്രതിപ്രവർത്തിക്കുന്നത് മൃഗങ്ങളുടെ സ്വഭാവമാണല്ലോ. വിവിധതരത്തിൽ ഉദിക്കുന്ന പ്രതികരണങ്ങളെ വിവേകപൂർവ്വം വിലയിരുത്തി ബഹുജനഹിതവും സുഖവും ഉറപ്പുവരുത്തത്തക്കവിധം പ്രവർത്തിക്കുന്നത്, മനുഷ്യത്വപരമായ കർത്തവ്യനിർവ്വഹണവുമാണ്. സ്വാർത്ഥതയെ അപേക്ഷിച്ച്, സമൂഹനന്മയെ സ്വാഗതംചെയ്യാനുള്ള സന്നദ്ധതയാണ് മനുഷ്യനെ മനുഷ്യനാക്കി മാറേറിയതും., അവൻെറ സമൂഹത്തെ സമ്പുഷ്ടമാക്കിയതും. കാടത്തത്തിൽ നിന്ന് സംസ്ക്കാരത്തിലേക്ക് മനുഷ്യൻ പ്രവേശിച്ചതും ഇങ്ങനെതന്നെ

ആശയവിനിമയത്തിൽ മനുഷ്യനു കൈവന്ന പുരോഗതി പരിണാമ പ്രക്രിയകളെ പരിപോഷിപ്പിക്കുകയുണ്ടായി. അന്യരുടെ പ്രതികരണങ്ങൾ കണക്കിലെടുത്ത് ഏതു സാമൂഹ്യപരിപാടിയും ചർച്ചയ്ക്കുവിധേയമാക്കി. ബഹുജനഹിതവും സുഖവും മാനിക്കുന്നതരത്തിൽ പ്രയോഗക്ഷമമാകുന്നതാണ് ഏതുകൊണ്ടും ഉത്തമമെന്നു ബോദ്ധ്യമായപ്പോൾ, മനുഷ്യൻ യഥാർത്ഥത്തിൽ ഒരു പുതിയ സാമൂഹ്യബന്ധം പരിണാമപ്പെടുത്തിയെന്നു പറയാം. ബോധപൂർവ്വമുള്ള പരിചിന്തനകളും പരസ്പരാശയ വിനിമയത്തിനും വിധേയമായ ഒരു സംവിധാനം അന്യജീവികളിൽ സംഭവിച്ചിട്ടില്ല.

മതവും മിത്തും മററു വിശ്വാസങ്ങളുമെല്ലാം ഭാഷയുടെ വളർച്ച നൽകിയ സംഭാവനകളാണ്. അവ മനുഷ്യസമൂഹ പരിണാമത്തെ എത്രയാണ് സ്വാധീനിച്ചത്! പ്രാപഞ്ചിക ശക്തിവിശേഷങ്ങൾ മാത്രമല്ല മനുഷ്യപരിണാമത്തെ സ്വാധീനിച്ചതെന്നു ചുരുക്കം. മററു ജീവികളിൽ സ്വാധീനമരുളിയത് പരിതഃസ്ഥിതിയും പ്രാപഞ്ചികശക്തികളുംമാത്രമാണ്. മനുഷ്യന്. അവൻ സ്വയം സൃഷ്ടിച്ച നിരവധി ശക്തിവിശേഷങ്ങളും സ്വന്തം പരിണാമ പ്രക്രിയയെ പ്രോത്സാഹിപ്പിക്കുന്ന ശക്തികേന്ദ്രങ്ങളായി. ഈ അന്തർധാരകളെല്ലാം, പഠിക്കാനും, ആ പാഠങ്ങളിൽനിന്ന് പുതിയ പാഠങ്ങൾ കണ്ടെത്താനും സാധിക്കുന്നതാണ് അവൻെറ നിലനില്പിൻെറ ഉറപ്പ്. എല്ലാം അറിഞ്ഞിട്ടും അറിവില്ലാത്തവരെപ്പോലെ അവിവേകം പ്രവർത്തിച്ച്, മനുഷ്യവർഗ്ഗം ആത്മഹത്യ നടത്തുമോ എന്നുള്ളതാണ് ഇന്നത്തെ സമസ്യ ഭാവികുമാത്രമേ അതിന് മറുപടിപറയാൻ ശക്തിയുള്ളു.

—o—



8